(ഡി) തടവുകാർ വ്യായാമത്തിന് ഉപയോഗിച്ചിരുന്ന ഡംബൽസ് പോലുള്ള അലൂമിനിയം മൊന്തയിൽ കോൺക്രീറ്റ് നിറച്ച് നടുവിലൂടെ ഒരു പൈപ്പ് ഘടിപ്പിച്ച സാധനം, പയർ വർഗ്ഗങ്ങളും മറ്റും പടർത്തുവാൻ ഉപയോഗിച്ചിരുന്ന കയറിന്റെ കഷണങ്ങൾ, പെറിയ കമ്പി തുണ്ടുകൾ, പൈപ്പിന്റെ പഴകിയ കഷണങ്ങൾ, ചട്ടുകത്തിന്റെ പഴകിയ കഷണങ്ങൾ തുടങ്ങിയവയാണ് കണ്ടെടുത്തത്.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനം

*5 [278] ശ്രീ. കെ. എ. ചന്ദ്രൻ:

" ഇ. എം. അഗസ്തി:

" എം. പി. ഗംഗാധരൻ:

" ഡി. സുഗതൻ:

" സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഏതെങ്കിലും വിദേശ രാഷ്ട്രങ്ങളുടെ സാങ്കേതികമോ സാമ്പത്തികമോ ആയ സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിനുവേണ്ടി ഏതെങ്കിലും വിദേശ രാഷ്ട്രങ്ങളെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഇല്ല.

(ബി) സമീപിച്ചിട്ടില്ല.

മെഡിക്കൽ കോളേജുകളുടെ വികസനത്തിന് പദ്ധതികൾ

*6 [279] ശ്രീ. രാജു എബ്രഹാം:

" കെ. രാധാകൃഷ്ണൻ:

" പിരപ്പൻകോട് മുരളി:

" മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനത്തിനും മെഡിക്കൽ കോളേജുകളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly